പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 3225 18.10.2016 - ൽ മറുപടിക്ക്

## സീനിയർ ഓഡിറ്റർ ശ്രീ. എം.എൻ. സദാനന്ദന്റെ സർവ്വീസ് ആനുകൂല്യങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ബി.ഡി.ദേവസ്സി | ശ്രീ. എ.സി.മൊയ്തീൻ (സഹകരണവും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| (എ) | ഇരിങ്ങാലക്കുടയിലെ സഹകരണ ഓഡിറ്റ് അസിസ്റ്റന്റ് ഡയറക്ടറുടെ ഓഫീസിൽ സീനിയർ ഓഡിറ്ററായി ജോലിയിലിരിക്കെ കാണാതായ ശ്രീ. എം.എൻ. സദാനന്ദന്റെ സർവ്വീസ് ആനുകൂല്യങ്ങൾ അനുവദിച്ച കിട്ടുന്നതിനായി ടിയാന്റെ ഭാര്യ ശ്രീമതി സി. വി. സരള സമർപ്പിച്ച അപേക്ഷയിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; പ്രസ്തുത നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്; | (എ) | മുകുന്ദപുരം സഹകരണ സംഘം ആഡിറ്റ് അസിസ്റ്റന്റ് ഡയറക്ടർ ആഫീസിൽ സീനിയർ ആഡിറ്ററായി ജോലിയിലിരിക്കെ കാണാതായ ശ്രീ.എം.എൻ.സദാനന്ദന്റെ സർവ്വീസ് ആനുകൂല്യങ്ങൾ ലഭിക്കുന്നതിനായി ടിയാന്റെ ഭാര്യ ശ്രീമതി.സി.വി.സരള സമർപ്പിച്ചിട്ടുള്ള അപേക്ഷ മുകുന്ദപുരം അസിസ്റ്റന്റ് ഡയറക്ടർ ആഫീസ് മുഖാന്തിരം 02.05.2013-ൽ ജോയിന്റ് ഡയറക്ടർ ആഡിറ്റ് ആഫീസ് തൃശ്ശൂരിൽ ലഭിച്ചിട്ടുണ്ട്. ടി അപേക്ഷയിന്മേൽ നടപടി സ്വീകരിക്കുന്നതിനായി ശ്രീ.എം.എൻ.സദാനന്ദന്റെ കുടുംബത്തെ സംബന്ധിച്ച റിപ്പോർട്ടും, ടിയാനെ കാണാതായത് സംബന്ധിച്ച് ചാലക്കുടി ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയിൽ സമർപ്പിച്ച റിപ്പോർട്ടും സംബന്ധിച്ച് സർക്കാർ അഭിഭാഷകന്റെ നിയമോപദേശം ലഭ്യമാക്കുന്നതിന് മുകുന്ദപുരം ആഡിറ്റ് അസിസ്റ്റന്റ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. തുടർന്ന് ഇരിങ്ങാലക്കുട അഡീഷണൽ മുൻസിഫ് കോർട്ടിൽ ശ്രീ.എം.എൻ.സദാനന്ദന്റെ ഭാര്യ ശ്രീമതി.സി.വി.സരള, മക്കളായ ശ്രീ.ശരത്, ശ്രീ.രാഹുൽ എന്നിവർ ഇരിങ്ങാലക്കുട ആഡിറ്റ് അസിസ്റ്റന്റ് ഡയറക്ടർ, സ്റ്റേറ്റ് ഓഫ് കേരള എന്നിവരെ യഥാക്രമം 1, 2 പ്രതികളാക്കി ഫയൽ ചെയ്തിട്ടുള്ള OS.2954/13-ൽ 30.11.2015-ലെ Judgement പ്രകാരം |

| | | | |
|---|---|---|---|
| | | | "Plaintiffs are the only legal heirs of Sadanandan and plaintiffs are entitled to service benefits due to Sadanandan from the defandants on the presumption that Sadanandan is dead" എന്ന് വിധിയായിട്ടുണ്ട്. പ്രസ്തുത ജഡ്ജ്മെന്റിന്റെ പകർപ്പും, ചാലക്കുടി തഹസീൽദാരുടെ അനന്തരാവകാശ സർട്ടിഫിക്കറ്റും സഹിതം ആനുകൂല്യങ്ങൾ ലഭിക്കുന്നതിനായി നടപടി സ്വീകരിക്കണമെന്ന് അപേക്ഷിച്ചു കൊണ്ടുള്ള ശ്രീമതി.സി.വി.സരളയുടെ 30.08.2016-ലെ അപേക്ഷ മുകുന്ദപുരം ആഡിറ്റ് അസിസ്റ്റന്റ് ഡയറക്ടർ മുഖാന്തിരം 30.09.2016-ൽ തൃശ്ശൂർ ജോയിന്റ് ഡയറക്ടർ ആഡിറ്റ് ആഫീസിൽ ലഭിച്ചിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത അപേക്ഷയിൽ അടിയന്തര നടപടികൾ സ്വീകരിക്കുമോ? | (ബി) | സഹകരണ സംഘം രജിസ്ട്രാറുടെ 22.01.2005-ലെ വി(2)48638/04 നമ്പർ ഉത്തരവ് പ്രകാരം 1960-ലെ കേരള സിവിൽ സർവ്വീസ് ചട്ടങ്ങൾ പാർട്ട് V, ചട്ടം II (VIII) പ്രകാരം 06.03.2000 മുതൽ മുൻകാല പ്രാബല്യത്തോടെ ശ്രീ.എം.എൻ.സദാനന്ദനെ സർവ്വീസിൽ നിന്നും പിരിച്ചു വിട്ടിരുന്നു. ഈ കാര്യം കൂടി പരിശോധിച്ചശേഷം ശ്രീമതി.സി.വി.സരളയ്ക്ക് ശ്രീ.എം.എൻ. സദാനന്ദന്റെ സർവ്വീസ് ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുവേണ്ടിയുള്ള അപേക്ഷയിന്മേൽ അടിയന്തിരമായി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ